# സിപിസിആർഐയിൽ കാർഷികമേളയും പ്രദർശനവും ആരംഭിച്ചു

Veekshanam 1/12/16



കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് സിപിസിആർഐയിൽ നടന്ന കാർഷികമേളയും പ്രദർശനവും കേന്ദ്ര മന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്നു

കാസർഗോഡ്: കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സംസ്ഥാനം സമയബന്ധിതമായി ചെലവഴിക്കണമെന്ന് കേന്ദ്രകൃഷി - കർഷക ക്ഷേമവകുപ്പ് മന്ത്രി രാധാമോഹൻ സിംഗ് പറഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോഡ് സി.പി.സി.ആർ.ഐയിൽ നടന്ന കാർഷികമേളയും പ്രദർശനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി കൃഷി സംചൻയോജന പ്രകാരം കേരളത്തിൽ രണ്ട് ജലസേചന പദ്ധതികൾ നടന്നുവരികയാണ്. കാരാപ്പുഴയിലും മൂവാറ്റുപുഴയിലുമായി നിർമ്മിക്കുന്ന ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ 40 ഹെക്ടറോളം സ്ഥലത്തെ കർഷകർക്ക് കൃഷി ഭൂമിയിൽ ജലം ലഭിക്കും. കൃഷി ഭൂമിയിൽ ജലലഭ്യത ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചുവരികയാണ്. കർഷകർക്കു നൽകുന്ന സോയിൽ ഹേൽത്ത് കാർഡ് എടുക്കാനായി കർഷകർ മുന്നോട്ടു വരണം. കൃഷിഭൂമിയുടെ അവസ്ഥ തിരിച്ചറിഞ്ഞു വേണം കൃഷിചെയ്യാൻ. സംസ്ഥാനത്ത് 7.05 ലക്ഷം സോയിൽ ഹെൽത്ത് കാർഡ് നൽകാനായിരുന്നു പദ്ധതി ഇട്ടിരുന്നത്. എന്നാൽ 1.33 ലക്ഷം കാർഡ് മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ. തെറ്റായ രീതിയിലുള്ള വളപ്രയോഗം മണ്ണിന് ദോഷം ചെയ്യും. നാളികേര ഉത്പാദനത്തിലും വിപണത്തിലും മുൻപന്തിയിലാണ് നമ്മുടെ രാജ്യം. കേരളത്തിൽ എല്ലാവീടുകളിലും തെങ്ങുകൾ ഉണ്ട്. കേരളത്തിൽ ഈ അടുത്തായി 246 ഹെക്ടർ സ്ഥലത്ത് കൂടുതലായി നാളികേരം ഉത്പാദിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനവും വർദ്ധിച്ചു വരികയാണ്. ഇത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണെന്നും കേന്ദ്രമന്ത്രി രാധാമോഹൻ സിംഗ് പറഞ്ഞു. പി.കരുണാകരൻ എം.പി അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സി.പി..സി.ആർ.ഐയുടെ വിവിധ പുസ്തകങ്ങളുടെ പ്രകാശനവും നാളികേര ഉൽപ്പന്നങ്ങളുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവ്വഹിച്ചു. റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, ഉത്തര കന്നഡ എം.പി.അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡേ, സി.പി.സി.ആർ.ഐ ഡയറക്ടർ ജനറൽ ഡോ.തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡന്റ് എസ്.ആർ.സതീഷ്ചന്ദ്ര, മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ.ജലീൽ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി. പ്രദീപ് എന്നിവർ സംസാരിച്ചു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ.പി.ചൗഡപ്പ സ്വാഗതം പറഞ്ഞു.